**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **30-01-2024 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു. |
| (ബി) | നിശ്ചയിച്ച സമയത്തിന് മുമ്പ് തുറമുഖം കമ്മീഷൻ ചെയ്യുവാൻ സാധിക്കുമോ; തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി മദർഷിപ്പ് അടക്കം എത്ര കപ്പലുകൾ നങ്കൂരമിട്ടിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായി സംസ്ഥാന സർക്കാർ അദാനി വിഴിഞ്ഞം തുറമുഖ കമ്പനിയുമായി (AVPPL) ഏർപ്പെട്ട കൺസഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യേണ്ടിയിരുന്നത് December 3, 2019 നായിരുന്നു. എന്നാൽ, തുറമുഖ നിർമ്മാണത്തിന്റെ പ്രധാന ഘടകമായ പുലിമുട്ട് (Breakwater) നിർമ്മിക്കുന്നതിനുള്ള കരിങ്കല്ല് സമയബന്ധിതമായി ലഭ്യമാക്കുവാൻ AVPPL ന് സാധിക്കാതെ വന്ന സാഹചര്യത്തിൽ പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ (December 3, 2019) പൂർത്തീകരിക്കാൻ കഴിയാതെ വരുകയും ഇത് പദ്ധതി നീണ്ടുപോകാനും ഇടയായി. AVPPL സമർപ്പിച്ച പുതുക്കിയ നിർമ്മാണ പൂർത്തീകരണ ഷെഡ്യൂൾ പ്രകാരം ഒന്നാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ December 3, 2024 ന് പൂർത്തിയാക്കാനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇത് പ്രകാരം നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.<br><br>തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി നിലവിൽ നാല് കപ്പലുകളാണ് ചൈനയിൽ നിന്നും തുറമുഖത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ള ക്രെയിനുകളുമായി എത്തിച്ചേർന്നിട്ടുള്ളത്. ഈ കപ്പലുകൾ ഒന്നും തന്നെ മദർഷിപ്പ് വിഭാഗത്തിൽപെട്ടവയല്ല. തുറമുഖം കമ്മീഷൻ ചെയ്ത് |

| | | | |
|---|---|---|---|
| | | | പ്രവർത്തന സജ്ജമാക്കുന്ന മുറയ്ക്കായിരിക്കും മദർ ഷിപ്പുകൾ തുറമുഖത്ത് എത്തിച്ചേരുന്നത്. |
| (സി) | തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിലും തൊഴിൽ മേഖലയിലും ഉണ്ടാകുന്ന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിൽ<br><br>കുതിച്ചുചാട്ടത്തിന് സാദ്ധ്യതയുള്ള ഒരു പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. വിഴിഞ്ഞം തുറമുഖം നിലവിൽ വരുന്നതോടുകൂടി കേരളത്തിന്റെ വ്യവസായ, വാണിജ്യ, സാമ്പത്തിക മേഖലകളിൽ നിരവധി പുരോഗതികൾ ഉണ്ടാകും. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ വഴിയുള്ള ചരക്ക് കൈകാര്യം ചെയ്യാൻ വിഴിഞ്ഞം തുറമുഖം<br><br>പ്രവർത്തനക്ഷമമാകുന്നതോടെ സാധ്യമാകും.<br><br>2. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടത്തിൽ പ്രതിവർഷം 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാവുന്നതും, അങ്ങനെ വിവിധ ഘട്ടങ്ങളിലായി 3 - 4 ദശലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കുന്നതുമാണ്.<br><br>3 . അന്താരാഷ്ട്ര കപ്പൽ പാതയ്ക്ക് ഏറ്റവും അടുത്ത് കേവലം 10<br><br>നോട്ടിക്കൽ മൈൽ അകലെയാണ് വിഴിഞ്ഞത്തിന്റെ സ്ഥാനം. ആയതിനാൽ, ഈ പാതയിലൂടെ ഇന്ന് സഞ്ചരിക്കുന്ന ഏറ്റവും വലിയ കപ്പലുകൾക്ക് വളരെ ചുരുങ്ങിയ സമയത്ത് ഇവിടെ എത്തിച്ചേരുവാൻ സാധിക്കും. ഇതിലൂടെ ഇന്ത്യയുടെ ചരക്ക് കൈകാര്യം ചെയ്യുന്ന മറ്റ് തുറമുഖങ്ങളായ കൊളംബോ, സിംഗപ്പൂർ, സലാല, ദുബായ് തുറമുഖങ്ങൾക്ക് ലഭിച്ചു കൊണ്ടിരുന്ന വിദേശ വിനിമയ വരുമാനം ഇന്ത്യയിലെത്തുന്നത് സാദ്ധ്യമാകും. ഇത് ഏകദേശം 2500 കോടി രൂപയോളം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>4. കയറ്റുമതി - ഇറക്കുമതി വ്യാപാരത്തിൽ കണ്ടെയ്നർ ഒന്നിന് 6,000 മുതൽ 8,000 രൂപ വരെ ലാഭിക്കാൻ കഴിയും.<br><br>5. വിഴിഞ്ഞം യാഥാർത്ഥ്യമാകുമ്പോൾ ചരക്ക് നീക്കത്തി നുള്ള കൂലി ഗണ്യമായി കുറയുന്നതോടെ അവശ്യ സാധന ങ്ങളുടെ വില നിയന്ത്രിക്കാനാകും.<br><br>6 . വിഴിഞ്ഞം തുറമുഖത്തിലൂടെ കയറ്റുമതിയും ഇറക്കുമതിയും |

| | | | |
|---|---|---|---|
| | | | വർധിക്കുന്നതിലൂടെ കേരളത്തിന്റെ വ്യവസായ മേഖലയിൽ വൻ കുതിച്ചുചാട്ടം ഉണ്ടാകും.<br><br>7 തുറമുഖം വഴി കൈകാര്യം ചെയ്യുന്ന ഓരോ കണ്ടെയ്നറിനും<br><br>പ്രത്യക്ഷമായോ പരോക്ഷമായോ ശരാശരി 6 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടും എന്ന് കണക്കാക്കുന്നു.<br><br>തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ, തുറമുഖാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിതമാകുവാനും അതുവഴി പ്രാദേശിക വികസനവും നിരവധി തൊഴിലവസരങ്ങളും വന്നു ചേരുമെന്നും പ്രതീക്ഷിക്കുന്നു.<br><br>പശ്ചാത്തല അടിസ്ഥാന സൗകര്യങ്ങളായ റോഡ് കണക്ടിവിറ്റി റെയിൽ കണക്ടിവിറ്റി എന്നിവയും തുറമുഖ നിർമ്മാണത്തോടൊപ്പം സ്ഥാപിക്കുന്നുണ്ട്. ഇതുവഴി കണ്ടെയ്നർ ചരക്ക് ഗതാഗതം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കുവാൻ സാധ്യമാകും.<br><br>വിഴിഞ്ഞത്ത് ഒരു സ്കിൽ പാർക്ക് സ്ഥാപിക്കുന്ന പ്രവർത്തി<br><br>അന്തിമഘട്ടത്തിലാണ്. ഇതുവഴി തുറമുഖാധിഷ്ഠിത കോഴ്സുകൾ മുഖേന തുറമുഖ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ മാനവശേഷി വികസിപ്പിക്കുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.<br><br>കൂടാതെ, വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ സജ്ജമാകുന്നതോടുകൂടി എത്തിച്ചേരാൻ സാധ്യതയുള്ള അവസരങ്ങളെ വിനിയോഗിക്കുക എന്ന ഉദ്ദേശത്തോടുകൂടി വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഒരു വികസന ഇടനാഴി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള 80 കി.മീ. നീളമുള്ള Outer Ring Road ന്റെ ടെന്റർ നടപടികൾ NHAI ആരംഭിച്ചിട്ടുണ്ട്. വികസന ഇടനാഴിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരികയാണ്. |
| (ഡി) | സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങൾക്ക് ഐ.എസ്.പി.എസ്. അംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ. അഴീക്കൽ എന്നീ തുറമുഖങ്ങൾക്ക് ഐ.എസ്.പി.എസ് അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | തുറമുഖപദ്ധതിയുടെ ഘടകങ്ങൾ | നാളിതുവരെ പൂർത്തീകരിച്ചത് (ശതമാനക്കണ ക്കിൽ) |
|---|---|---|
| 1 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 73.72 % |
| 2 | ബ്രേക്ക് വാട്ടർ | 67.80 % |
| 3 | ബെർത്ത് | 87.75 % |
| 4 | കെട്ടിടങ്ങൾ | 81.18 % |
| 5 | കണ്ടെയ്നർ യാർഡ് | 52.54 % |
| 6 | പദ്ധതി ഉപകരണങ്ങൾ (ക്രെയിനുകൾ, ടഗ്ഗുകൾ തുടങ്ങിയവ) | 73.77 % |
| 7 | ഗേറ്റ് സമുച്ചയവും റോഡും | 51.80 % |
| പദ്ധതിയുടെ ആകെ പുരോഗതി | | **72%** |